# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 806 12.06.2013 - ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. സി. കെ നാണു<br>ശ്രീമതി ജമീലാ പ്രകാശം | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കുന്ന തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കേരള സംസ്ഥാനത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചും നിലവിലുള്ള പദ്ധതികളുടെ ആഗ്മെന്റേഷൻ നടത്തിയും പദ്ധതിയുടെ സ്രോതസ്സ്, ജലശുദ്ധീകരണ ശാല മുതലായ ഘടകങ്ങളുടെ റീഹാബിലിറ്റേഷൻ നടത്തിയും ജലക്ഷാമം പരിഹരിച്ചു വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) & (സി) | സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 34 പദ്ധതികളും നബാർഡ്/സ്പാനിൽ 81 പദ്ധതികളും ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ (എൻ.ആർ.ഡി.ഡബ്ല്യു.പി) ഉൾപ്പെടുത്തി 153 പദ്ധതികളും ടെക്നോളജി മിഷനിൽ 6 പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇവയുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലാണ്. സ്രോതസ്സ് സുസ്ഥിര വിഭാഗത്തിൽ 6 പദ്ധതികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവ കൂടാതെ ജൈക്ക സഹായത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ